(ന) ഒരു അധഃകൃത വിദ്യാർത്ഥിക്കു് ഒരു വർഷത്തിൽ എ ത്ര വസ്ത്രം കൊടുക്കണമെന്നാണു് നിയമം; വസ്ത്രം ഒന്നിനു് എന്തു വിലയാണു് നിശ്ചയിച്ചിട്ടുള്ളതു്;

(ര) ൧൯൫൭-ൽ വസ്ത്രം കൊടുത്തിട്ടുള്ള അധഃകൃത വിദ്യാർത്ഥികളുടെ എണ്ണവും വസ്ത്രത്തിന്റെ എണ്ണവും അവയുടെ ആകെ വിലയും കാണിയ്ക്കുന്ന ഒരു ലിസ്റ്റു് ഈ മേശപ്പുറത്തു വച്ചു തരുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു് ദയവുണ്ടാകുമോ?

രാമവർമ്മ തമ്പുരാൻ.—(൧) വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിലെ ഈ കഴിഞ്ഞ ഭരണ റിപ്പോർട്ടു് പ്രകാരം വ,൨൮൮ ആൺകുട്ടികളും ൨,൯൪൫ പെൺകുട്ടികളും കൂടി ആകെ ൫൦,൯൫൦ അധഃകൃതർ വിദ്യാഭ്യാസം ചെയ്യുന്നുണ്ടു്.

(൨) ൧൯൫൭ കുംഭമാസത്തിൽ അധഃകൃത ഡിപ്പാർട്ടുമെണ്ടു് വേർതിരിഞ്ഞിട്ടില്ല.

(൩) ചെറിയ കുട്ടികൾക്കു് വർഷത്തിൽ നാലു വസ്ത്രവും, പ്രായം ചെന്നവർക്കു് രണ്ടു വസ്ത്രവും കൊടുത്തു വരുന്നുണ്ടു്. വസ്ത്രത്തിന്റെ വലിപ്പം അനുസരിച്ചു് വിലയും വ്യത്യാസപ്പെട്ടിരിയ്ക്കും.

(ര) അധഃകൃത ഡിപ്പാർട്ടുമെണ്ടു് വേർതിരിഞ്ഞതിനുശേഷം ൧൯൫൭ കുംഭം മുതൽ ആകെ-൯൫൩ കുട്ടികൾക്കു് ൨,൭൨൨ വസ്ത്രം കൊടുത്തിട്ടുണ്ടു്. അതിനു് ആകെ ൩൨൩ ക. ൫൭ ണ. ചിലവു വന്നിട്ടുണ്ടു്.

അധഃകൃതസംരക്ഷക ഡിപ്പാർട്ടുമെണ്ടു്.

242. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക ഈ മേശമേൽ വയ്ക്കാമോ; ടി പട്ടികയിൽ മിസ്റ്റർ മാമൻചോഹൻ അധഃകൃത സംരക്ഷകനായി നിയമിക്കപ്പെട്ടതിനുശേഷം വന്നിട്ടുള്ള ഉദ്യോഗസ്ഥന്മാരെ വേർതിരിച്ചു കാണിക്കുവാൻ ദയവുണ്ടാകുമോ?

രാമവർമ്മ തമ്പുരാൻ.—

ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക.

തീയർ.— (൧) ടി. കെ. രാമൻ, ഇൻസ്പെക്ടർ.
(൨) കെ. ആർ. ശങ്കരൻ, ഹെഡ്ക്ലാർക്ക്.
(൩) കെ. ആർ. വിശ്വംഭരൻ, ക്ലാർക്ക്.
(൪) കെ. പി. നാരായണൻ, Ag. ടൈപ്പിസ്റ്റ് ക്ലാർക്ക്.
(൫) കെ. എ. കേശവൻ, മാസ്റ്റർ.
വാലൻ.— (൬) വി എ. കുമാരൻ, ടൈപ്പിസ്റ്റ് ക്ലാർക്ക്.
പുലയൻ.—(൭) സി. ബാവ, പ്യൂൺ.
നായർ.— (൮) എം. കുട്ടിക്കൃഷ്ണൻനായർ, പ്യൂൺ.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ക, ന, ര, ഭ, വ എന്നും നമ്പ്രകാർ, മിസ്റ്റർ മാമൻ ചോഹന്റെ നിയമനത്തിനുശേഷം തൽസ്ഥാനങ്ങളിൽ നിയമിക്കപ്പെട്ടവരാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ രണ്ടും മൂന്നും നാലും അഞ്ചും എട്ടും നമ്പരുകളായി നിയമിച്ചിട്ടുള്ളവരിൽ വല്ല അധഃകൃതരുംപെട്ടിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ആ പേരുകളിൽനിന്നും അറിയാം.

മിസ്റ്റർ കെ. പി. വള്ളോൻ.—സന്ന്യാസിമാരേയും ആർഗനൈസർമാരേയും നിയമിച്ചിട്ടുള്ളതു് ഈ വകുപ്പിൽ നിന്നുമല്ലേ?

രാമവമ്മതമ്പുരാൻ.—അവർ ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റിൽ പെടുകയില്ല.

243. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത സംരക്ഷകന്റെ ആഫീസിൽ ഉണ്ടായ ഒരു മാസപ്പടിയുടേയും ഒരു ശിപായിയുടേയും ഒഴിവിൽ ആരെയാണു് നിയമിച്ചതു്; അയതിനു് എത്ര അധഃകൃതർ അപേക്ഷകന്മാരായിരുന്നു?

രാമവമ്മ തമ്പുരാൻ.—അധഃകൃത സംരക്ഷകന്റെ ആഫീസിൽ രണ്ടു് ശിപായിമാരുടേയും ഒരുമാസപ്പടിയുടേയും ഒഴിവാണുണ്ടായതു്. ഒരു ശിപായിയുടെ ഒഴിവിൽ പുലയൻ സി. ബാവ എന്ന ആളെ അസിസ്റ്റാണ്ടു് പ്രോട്ടക്ടരുടെ ആഫീസിൽനിന്നു് ഈ ആഫീസിൽ നിയമിക്കുകയും, മറെറ ഒഴിവിൽ ശിപായിയായി എം. കുട്ടികൃഷ്ണൻനായരെ നിയമിക്കുകയും ചെയ്തു. മാസപ്പടിയായി കെ. എ. കേശവനെ നിയമിച്ചു. മാസപ്പടിയുടെ ഒഴിവിലേയ്ക്കു അധഃകൃതരിൽനിന്നു് ആരുംതന്നെ അപേക്ഷകന്മാർ ഉണ്ടായിരുന്നില്ല. ശിപായിയുടെ ജോലിയ്ക്കു് അധഃകൃതരിൽനിന്നും ഏഴു പേർ അപേക്ഷകന്മാരായിരുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—സി. ബാവ എന്നയാളെ അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെണ്ടു തുടങ്ങിയകാലത്തു് നിയമിച്ചിട്ടുള്ളതല്ലേ?

രാമവമ്മതമ്പുരാൻ.—അയാൾ അസിസ്റ്റൻറു് പ്രോട്ടക്ടരുടെ ആഫീസിലായിരുന്നു. അയാളെ പ്രോട്ടക്ടരുടെ ആഫീസിലേയ്ക്കു മാററി.

മിസ്റ്റർ കെ. പി. വള്ളോൻ. പുതിയ നിയമനങ്ങളിൽ മറു വല്ല സമുദായങ്ങളിൽനിന്നും എത്ര അപേക്ഷക്കാരുണ്ടായിരുന്നു?

രാമവമ്മതമ്പുരാൻ.—എനിയ്ക്കറിയുവാൻ വയ്യ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതിൽ ഏഴു പേർ അപേക്ഷകന്മാരുണ്ടായിരുന്നു എന്നു പറയുന്നു. അവക്കൊക്കെ കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly